പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 157

08.12.2014-ൽ
മറുപടിയ്ക്ക്

## ജനമൈത്രി എക്സൈസ്

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ:
ശ്രീ.കെ.അച്ചുതൻ:
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ.പി.എ.മാധവൻ:

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മദ്യ-മയക്കു മരുന്നുകളുടെ ഉപഭോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയും, അതോടൊപ്പം മദ്യ-മയക്കു മരുന്നുകളുടെ ഉത്പ്പാദനവും, വിപണനവും ഇല്ലായ്മ ചെയ്യുന്നതിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ കുറ്റവാളികളെ

| | |
|---|---|
| | നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് പരിശ്രമിക്കുക എന്ന ലക്ഷ്യമാണ് "ജനമൈത്രി എക്സൈസ്" കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന വിശദമാക്കുമോ; | (സി) എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകളെ കോർത്തിണക്കിക്കൊണ്ട് വ്യാജമദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉൽപ്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കുകയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തലത്തിൽ പ്രത്യേക നിരീക്ഷണം എർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഘുചിത്ര പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നീ പരിപാടികൾ നടത്തുകയും, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെയും, എൻ.എസ്.എസ്, എസ്.പി.സി എന്നിവയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനു പുറമെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. |

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ ഉദ്യോഗസ്ഥരെ നിയമിച്ച് ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു കർമ്മസേന അട്ടപ്പാടിയിൽ ഇതിനോടകംതന്നെ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

(signature)

സെക്ഷൻ ഓഫീസർ